**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ബീന പി എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനകാര്യം- ശ്രീ. റോബിൻ തങ്കച്ചൻ ക്ലാർക്കിന്റെ താൽക്കാലിക നിയമനം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :-
1) കേരള പബ്ലിക് സർവീസ് കമ്മിഷൻ കോട്ടയം ജില്ലാ ഓഫീസറുടെ 10.10.2022 ലെ KII(1)256500/2019(9) നമ്പർ ശുപാർശ.
2) കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ 25.11.2022 ലെ ADFW/6632/2021-SA1 നമ്പർ ഉത്തരവ്.
3) കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ 07.08.2023 ലെ 891/SB/VR/SQ/23-QR നമ്പർ റിപ്പോർട്ട്.
4) കേരള പബ്ലിക് സർവീസ് കമ്മിഷൻ കോട്ടയം ജില്ലാ ഓഫീസറുടെ 27.05.2024 ലെ KPSC/KTM/10071455 നമ്പർ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്.

**ഉത്തരവ് നമ്പർ ADFW/13623/2022-SA3 തീയതി . 24-12-2024**

കേരള പബ്ലിക് സർവീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസറുടെ പരാമർശം (1) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ നിയമനം നൽകിയ ശ്രീ. റോബിൻ തങ്കച്ചൻ 24.12.2022 പൂർവ്വാഹ്നം ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു .

കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ ശ്രീ. റോബിൻ തങ്കച്ചൻ സർക്കാർ സേവനത്തിൽ തുടരുന്നതിനു അനുയോജ്യയാണെന്നു അറിയിച്ചിട്ടുണ്ട് .

കേരള പബ്ലിക് സർവീസ് കമ്മിഷൻ കോട്ടയം ജില്ലാ ഓഫീസർ പരാമർശം (4) പ്രകാരം ടിയാളുടെ നിയമന പരിശോധന പൂർത്തീകരിച്ച വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ ശ്രീ. റോബിൻ തങ്കച്ചൻ ക്ലാർക്കിന്റെ താത്കാലിക നിയമനം ടിയാൾ സേവനത്തിൽ പ്രവേശിച്ച തീയതിയായ 24.12.2022 പൂർവ്വാഹ്നം മുതൽ ക്രമപ്പെടുത്തി കൊണ്ടും തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷക്കാലം പരിവീക്ഷ കാലയളവിൽ വച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടിയാൾ പരിവീക്ഷ കാലയളവിൽ എം .ഓ .പി പരീക്ഷ പാസ്സാകേണ്ടതും ജി. പി .എസ്, ജി. ഐ.എസ് , എസ് .എൽ .ഐ , എൻ. പി .എസ് തുടങ്ങിയ നിർബന്ധിത നിക്ഷേപ പദ്ധതികളിൽ അംഗത്വം എടുക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

Signed by
P S Beena
Date: 24-12-2024 10:06:54

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ശ്രീ. റോബിൻ തങ്കച്ചൻ ,ക്ലാർക്ക്.

<u>പകർപ്പ്</u>

അക്കൗണ്ട്സ് ഓ &എം ഐ ടി സെക്ഷൻ തലവന്മാർക്കു.

സേവന പുസ്തകം.

കരുതൽ ഫയൽ /അധികം.